**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1481** — **31.10.2019-ൽ മറുപടിയ്ക്ക്**

**കപ്പൽപാത രൂപീകരണവുമായി ബന്ധപ്പെട്ട ആശങ്ക**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഗുജറാത്ത് മുതൽ കന്യാകുമാരി വരെ ഒരു പുതിയ കപ്പൽപാത രൂപീകരിക്കുവാനുള്ള നീക്കം മൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ സ്വീകരിച്ച ഇടപെടലുകൾ എന്തൊക്കെയാണ്; | (എ) | കപ്പൽപാത രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ ആശങ്ക ഉണ്ടായിട്ടുണ്ട്. ടി കപ്പൽ പാത സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറം മാറ്റി സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | 2018-ൽ കൂടിയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് മന്ത്രിമാരുടെ യോഗത്തിൽ പ്രസ്തുത കപ്പൽപാത സുരക്ഷിത ദൂരത്തേക്ക് മാറ്റണമെന്ന ആവശ്യം സംസ്ഥാനം ഉന്നയിച്ചിട്ടുണ്ടോ; അതിന്മേലുള്ള കേന്ദ്ര പ്രതികരണം അറിയിക്കുമോ; | (ബി) | മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്ന കടൽ പ്രദേശത്ത് നിന്ന് കപ്പൽ പാത ദൂരേയ്ക്ക് മാറ്റണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിനോട് 2018 നവംബർ 10, 11 തീയതികളിൽ കേരളം വിളിച്ച് ചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിൽ ശക്തമായി ഉന്നയിക്കുകയുണ്ടായി. അതിനുശേഷം 22/11/2018-ന് കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രിയ്ക്കും കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രിയ്ക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും വീണ്ടും കത്തെഴുതുകയുണ്ടായി. കേരള തീരത്ത് നിന്നും 50 നോട്ടിക്കൽ മൈലിനപ്പുറത്തേയ്ക്ക് നിർദ്ദിഷ്ട കപ്പൽ പാത മാറ്റി സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരി ക്കുന്നത്. |
| (സി) | 12 നോട്ടിക്കൽ മൈലിനു പുറത്തു മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധനയാനങ്ങൾക്കു സ്പെഷ്യൽ ട്രാക്കിംഗ് സിസ്റ്റം | (സി) | പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ പ്രകാരം വെസ്സൽ ട്രാക്കിംഗ് സിസ്റ്റം നിർബന്ധമാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി കൊല്ലം, എറണാകുളം, കോഴിക്കോട് |

| | | | |
|---|---|---|---|
| | നിർബന്ധം ആക്കിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | | എന്നീ 3 ജില്ലകളിലായി 100 വീതം യന്ത്രവൽക്കൃത യാനങ്ങളിൽ സബ്സിഡിയോടെ ടി സിസ്റ്റം ഘടിപ്പിച്ച് മോണിറ്റർ ചെയ്ത് വരുന്നു. കെ.എം.എഫ്.ആർ റൂൾ പ്രകാരം സെപ്റ്റംബർ 1, 2019 മുതൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം മത്സ്യബന്ധനത്തിന് പോകുന്ന എല്ലാ മെക്കനൈസ്ഡ് യാനങ്ങളിലും നിർബന്ധമാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ഇത് സംബന്ധിച്ച ബോധവൽക്കരണവും കടലിലും ഹാർബറുകളിലും പരിശോധനയും നടത്തി വരുന്നു. 2019-20 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 750 മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം 50% സബ്സിഡിയോടുകൂടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ നൽകുന്നതിന് പുതുതായി കൊണ്ടുവന്ന സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | (ഡി) | കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് 1500 കിലോമീറ്റർ അകലെ വരെ കാലാവസ്ഥ വ്യതിയാനങ്ങളും പ്രകൃതി ക്ഷോഭങ്ങളും മുൻകൂട്ടി അറിയുന്നതിന് സഹായകരമായ "നാവിക്" ഉപകരണം ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് ചെറുവള്ളങ്ങളിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിനാവശ്യമായ നടപടികൾ വേഗത്തിൽ പുരോഗമിച്ച് വരികയാണ്. ആദ്യഘട്ടമായി 5000 എണ്ണം നാവിക് ഉപകരണങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള കരാർ കെൽട്രോണുമായി ഒപ്പ് വയ്ക്കുകയും 875 ഉപകരണങ്ങൾ വിതരണം ചെയ്ത് നൽകിയിട്ടുമുണ്ട്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ വേഗത്തിൽ കരയിലെത്തിച്ച് ജീവൻ രക്ഷിക്കുന്നതിന് സഹായകമായ 3 മറൈൻ |

| | | | |
|---|---|---|---|
| | | | ആംബുലൻസുകൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ ഷിപ്പ് യാർഡുമായി ചേർന്ന് പുരോഗമിച്ചു വരുന്നു. കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിന് സാഗര എന്ന മൊബൈൽ ആപ്ലിക്കേഷൻ എൻ.ഐ.സി-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അടിയന്തിരഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് അപകട മുന്നറിയിപ്പ് നൽകുന്നതിന് ടി ആപ്ലിക്കേഷനിലൂടെ സാധിക്കും. കൂടാതെ ഓഖി, പ്രളയം പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാനത്തും മത്സ്യഗ്രാമങ്ങളിലുമായി 60 കടൽ സുരക്ഷ സ്ക്വാഡുകളും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 900 മത്സ്യത്തൊഴിലാളികളും, 300 യാനങ്ങളുമടങ്ങുന്നതാണ് കടൽ സുരക്ഷാ സ്ക്വാഡ്. ഇതിനകം 317 മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ പരിശീലനം നൽകി കഴിഞ്ഞു. കൂടാതെ ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന 1000 മത്സ്യബന്ധന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 40,000 പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് ലൈഫ് ജാക്കറ്റ് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. 2018-19 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 566 എണ്ണം ജി.പി.എസുകളും 1132 ലൈഫ് ബൊയെകളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. |

**സെക്ഷൻ ഓഫീസർ**